(ബി) രണ്ടു പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ഒരു വില്ലേജ് മാത്രമാണ് ചിറ്റൂരിൽ പ്രവർത്തിച്ചു വരുന്നത് എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ സീതത്തോട് കേന്ദ്രമായി ഒരു പുതിയ വില്ലേജ് രൂപീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 726 ചതുരശ്ര കിലോമീറ്റർ.

(ബി) ഉണ്ട്.

(സി) സംസ്ഥാനത്തെ താലൂക്കുകളുടെയും വില്ലേജുകളുടെയും പുനഃസംഘടനയെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഒരു കമ്മീഷനെ നിയമിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചശേഷം ഇക്കാര്യത്തിൽ ഉചിതമായ നടപടി കൈക്കൊള്ളുന്നതാണ്.

കൈനകരി പഞ്ചായത്തിൽ വള്ളങ്ങളിൽ കുടിവെള്ളം വിതരണം ചെയ്ത തൊഴിലാളികൾക്ക് ദിവസക്കൂലി ഇനത്തിൽ കൊടുത്തു തീർക്കാനുള്ള കുടിശ്ശിക

20 (3579) ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷത്തെ വരൾച്ചക്കാലത്ത് അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ കൈനകരി പഞ്ചായത്തിൽ വള്ളങ്ങളിൽ കുടിവെള്ളം വിതരണം ചെയ്ത തൊഴിലാളികൾക്ക് വള്ളക്കൂലി, ദിവസക്കൂലി ഇനത്തിൽ വൻതുക ഇനിയും കൊടുത്തു തീർക്കാനുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കുടിവെള്ള വിതരണത്തിന് ആവശ്യമായ തുക ഈ ജില്ലയ്ക്ക് അനുവദിച്ചിട്ടും ഇപ്രകാരം ഒരു വീഴ്ച സംഭവിക്കാനിടയായ സാഹചര്യങ്ങളെ കുറിച്ച് അന്വേഷിക്കുമോ ;

(സി) ഈ പ്രശ്നം പരിഹരിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) അർഹമായ കൂലി നല്കിയിട്ടുണ്ട്.

(ബി&സി) ബാധകമല്ല.

എം.പി.മാരുടെ ഫണ്ട് വിനിയോഗത്തിൽ തടസ്സം സൃഷ്ടിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി

21 (3580) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ലോക്സഭാ, രാജ്യസഭാ എം.പി.-മാരുടെ ഫണ്ട് വിനിയോഗിക്കുന്നതിൽ കളക്ടർമാരുടെ സേവനം യഥാവിധി ലഭിക്കുന്നില്ല എന്നതും, ഇതുമൂലം ഫണ്ട് ലാപ്സാകുന്ന സ്ഥിതി വരെ എത്തുന്നു എന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ ഓരോ എം.പി.-മാരുടെയും ഫണ്ട് കഴിഞ്ഞ സാമ്പത്തിക വർഷം ഏതെല്ലാം പദ്ധതികൾക്കാണ് വിനിയോഗിക്കാൻ കളക്ടർമാർ അനുമതി നൽകിയത് ; ഇത്തരം ഫണ്ടിൽ എത്ര തുക ലാപ്സായി എന്നത് ഓരോ എം.പി.-മാരുടെയും കളക്ടർമാർ അംഗീകരിച്ച് വിനിയോഗിച്ച പദ്ധതിയുൾപ്പെടെ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഈ സാമ്പത്തിക വർഷം ഓരോ എം.പി-മാരുടെയും ഫണ്ടിൽ നിന്നും എത്ര തുക നാളിതുവരെ വിനിയോഗിച്ചു ; എത്ര തുക ഇനിയും വിനിയോഗിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത തുക വിനിയോഗിക്കുന്നതിൽ ഓരോ എം.പി.-മാരും ഗവൺമെന്റും എത്ര തുകയുടെ ഏതെല്ലാം പദ്ധതികൾ തടഞ്ഞുവച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ;

(ഇ) എം.പി. ഫണ്ട് വിനിയോഗിക്കുന്നതിൽ തടസ്സം സൃഷ്ടിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ പേരിൽ അടിയന്തരമായി ശിക്ഷണ നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ ;

(എഫ്) എം.പി.-മാർ നിർദ്ദേശിക്കുന്ന പദ്ധതികളിൽ നാളിതുവരെ നടപ്പിലാക്കാത്ത പദ്ധതികൾ ഏതെല്ലാം ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ലോക്സഭാ, രാജ്യസഭാ എം.പി.-മാരുടെ ഫണ്ട് വിനിയോഗിക്കുന്നതിൽ കളക്ടർമാരുടെ സേവനം യഥാവിധി ലഭിക്കുന്നുണ്ട്. ഈ സ്കീം നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശപ്രകാരം ഫണ്ട് ലാപ്സ് ആകുന്ന പ്രശ്നമുദിക്കുന്നില്ല.

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളിലെ അപ്പന്റിക്സ് 1 അനുസരിച്ച് നടപ്പിലാക്കാവുന്ന പദ്ധതികളിൽ ഉൾപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കംപ്യൂട്ടർ നൽകുക. റോഡുകളും പാലങ്ങളും നടപ്പാതകളും നടപ്പാലങ്ങളും തൂക്കുപാലങ്ങളും കുഴൽകിണറുകളും കുടിവെള്ള പദ്ധതികൾ എന്നിവ നിർമ്മിക്കുക, സർക്കാർ സ്കൂളുകൾക്കും സർക്കാർ ആശുപത്രികൾക്കും വായനശാലകൾക്കും അംഗനവാടികൾക്കും കെട്ടിടം നിർമ്മിക്കുക, സ്റ്റേഡിയം നിർമ്മാണം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ/ആശുപത്രികൾ/അംഗനവാടികൾ എന്നിവയ്ക്ക് ചുറ്റുമതിലുകൾ നിർമ്മിക്കുക തുടങ്ങിയ പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്.

(സി) ജില്ലകളിൽ നിന്ന് വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(ഡി) ജില്ലകളിൽ നിന്ന് വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(ഇ) എം. പി. ഫണ്ട് വിനിയോഗിക്കുന്നതിൽ തടസ്സം സൃഷ്ടിക്കുന്ന ഉദ്യോഗസ്ഥരെ കണ്ടെത്തിയാൽ കർശനമായ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്) ജില്ലകളിൽ നിന്ന് വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly